**പതിമൂന്നാം കേരള നിയമസഭ**

**പന്ത്രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം791 03.12.2014-ൽ മറുപടിക്ക്**

**ഡോക്ടർമാരുടെ സ്വകാര്യ പ്രാക്ടീസ്**

**ചോദ്യം**

**ശ്രീ.കെ.എസ്.സലീഖ**

(എ) ആരോഗ്യ വകുപ്പിൽ കീഴിൽ സേവനമനുഷ്ഠിക്കുന്ന ഡോക്ടർമാർ ഉൾപ്പെടെ മറ്റ് ആരോഗ്യ വകുപ്പ് ജീവനക്കാർ സ്വകാര്യ ആശുപത്രികളിലും അവരുടെ സേവനം ലഭ്യമാക്കുന്നത് പരിശോധിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ;

(ബി) ഇതു സംബന്ധിച്ച് എത്ര പരാതികൾ ലഭിച്ചിട്ടുണ്ടെന്നും അന്വേഷണം നടത്തിയതിൽ അവർ ആരൊക്കെയാണെന്നും അവർക്കെതിരെ എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്നും വ്യക്തമാക്കാമോ;

**മറുപടി**

**ശ്രീ.വി.എസ്.ശിവകുമാർ**
(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി)

(എ) & (ബി) ഇത്തരം കേസുകൾ ശ്രദ്ധയിൽപ്പെടുകയും അവ പരിശോധിക്കുകയും ചെയ്തിട്ടുണ്ട്. സ്വകാര്യ ആശുപത്രിയിൽ പ്രാക്ടീസ് ചെയ്തതിന് താഴെപ്പറയുന്ന ഡോക്ടർമാർ ഉൾപ്പെടെയുള്ളവർക്കെതിരെ വകുപ്പുതല അച്ചടക്ക നടപടികൾ കൈക്കൊണ്ടിട്ടുണ്ട്.

| | |
|---|---|
| (1) ഡോ.വി.പി.രാധ, അസിസ്റ്റന്റ് സർജൻ, പി.എച്ച്.സി, വെള്ളത്തൂവൽ, ഇടുക്കി | മൂന്ന് ഇൻക്രിമെന്റ് തടഞ്ഞ് ഉത്തരവായിട്ടുണ്ട്. |
| (2) ഡോ.ബിൻസു വിജയൻ, അസിസ്റ്റന്റ് സർജൻ, പി.എച്ച്.സി, വട്ടവട, ഇടുക്കി | കാരണംകാണിക്കൽ നോട്ടീസ് നൽകിയിരിക്കുന്നു |
| (3) ഡോ.സിബി ജോർജ്ജ്, അസിസ്റ്റന്റ് സർജൻ, പി.എച്ച്.സി, മരിയാപുരം | ഒരു ഇൻക്രിമെന്റ് തടഞ്ഞ് ഉത്തരവായിട്ടുണ്ട് |
| (4) ശ്രീമതി.ആശ.പി.നായർ, ഒപ്റ്റോമെട്രിസ്റ്റ്, ജില്ലാ ആശുപത്രി, പാലക്കാട് | സ്ഥലംമാറ്റം നൽകി അച്ചടക്ക നടപടി സ്വീകരിച്ചു വരുന്നു |
| (5) ഡോ.ഹരിദാസൻ, അസിസ്റ്റന്റ് സർജൻ, പി.എച്ച്.സി, പള്ളിപ്പുറം, മലപ്പുറം | കർശന താക്കീത് നൽകി |
| (6) ഡോ.പ്രവീൺ, അസിസ്റ്റന്റ് സർജൻ, സി.എച്ച്.സി, പുറത്തൂർ, മലപ്പുറം | കുറ്റപത്രം നൽകിയിരിക്കുന്നു |
| (7) ഡോ.സെയ്ദ് നഹറുള്ള, അസിസ്റ്റന്റ് സർജൻ, പി.എച്ച്.സി, കുഴിമണ്ണ, മലപ്പുറം | രണ്ട് വാർഷിക ഇൻക്രിമെന്റ് സഞ്ചിതഫലത്തോടെ യല്ലാതെ തടഞ്ഞ് ഉത്തരവായിട്ടുണ്ട് |
| (8) ഡോ.അബ്ബാസ്, അസിസ്റ്റന്റ് സർജൻ, ജില്ലാ ആശുപത്രി, തിരൂർ | കുറ്റപത്രം നൽകിയിരിക്കുന്നു |
| (9) ഡോ.എസ്.സബിത, അസിസ്റ്റന്റ് സർജൻ, പി.എച്ച്.സി, കാഞ്ഞിറ്റുകര | സസ്പെന്റ് ചെയ്ത അന്വേഷണം നടത്തി വരുന്നു |

| | |
|---|---|
| (10) ഡോ.ജയകുമാർ, അസിസ്റ്റന്റ് സർജൻ, താലൂക്കാശുപത്രി, കരുനാഗപ്പള്ളി | അച്ചടക്ക നടപടി സ്വീകരിച്ചു വരുന്നു |
| (11) ഡോ.ബിന്ദു.റ്റി.എ, അസിസ്റ്റന്റ് സർജൻ, പി.എച്ച്.സി, ചവറ | സഞ്ചിതഫലത്തോടെ യല്ലാതെ രണ്ട് ഇൻക്രിമെന്റ് തടഞ്ഞ് ഉത്തരവായിട്ടുണ്ട്. |
| (12) ഡോ.ഹരീഷ്, അസിസ്റ്റന്റ് സർജൻ, പി.എച്ച്.സി, നെടുവ | താക്കീത് നൽകി അച്ചടക്ക നടപടി തീർപ്പാക്കി |
| (13) ഡോ.പി.കെ.മോഹനൻ, ജില്ലാ മെഡിക്കൽ ഓഫീസർ (ആരോഗ്യം), കോഴിക്കോട് | കുറ്റാരോപണ മെമ്മോ നൽകുകയും, നേരിൽ കേൾക്കുകയും ഉണ്ടായി. മെഡിക്കൽ ഓഫീസർ സമർപ്പിച്ച റെപ്രെസെന്റേഷന് DHS-നോട് അഭിപ്രായം ആരാഞ്ഞിരിക്കുന്നു |

(സി) ആരോഗ്യവകുപ്പിൽ കീഴിൽ സേവനമനുഷ്ഠിക്കുന്ന ഡോക്ടർമാർ അവർ സേവനമനുഷ്ഠിക്കുന്ന ആശുപത്രികളിൽ നിന്നും അനധികൃത അവധിയെടുത്തും അല്ലാതെയും പ്രസ്തുത ആശുപത്രികളുടെ തൊട്ടരുകിൽ മുറി വാടകയ്ക്ക് എടുത്തു രാവിലെ മുതൽ പ്രാക്ടീസ് ചെയ്യുന്നത് സംബന്ധിച്ച് പരിശോധന നടത്തിയിട്ടുണ്ടോ; വിശദാംശം വ്യക്തമാക്കാമോ;

(സി) ഉണ്ട്.

(ഡി) എങ്കിൽ അന്വേഷണത്തിലൂടെ ഇത്തരം പ്രാക്ടീസ് ചെയ്യുന്ന ഡോക്ടർമാർ ആരൊക്കെയാണെന്നും ഇവർക്കെതിരെ എന്തൊക്കെ കർശന നടപടികൾ സ്വീകരിച്ചുവെന്നും

(ഡി) & (ഇ) അന്വേഷണത്തിൽ ഇത്തരം പ്രാക്ടീസ് ചെയ്യുന്ന ഡോക്ടർമാരുടെ വിവരം താഴെ ചേർക്കുന്നു.

1. ഡോ.ബി.ശ്യാംകുമാർ
2. ഡോ.ജയകുമാർ
3. ഡോ.ജയചന്ദ്രൻ
4. ഡോ.ധർമ്മരാജൻ

ഇവർക്കെതിരെ അച്ചടക്ക നടപടിയുടെ ഭാഗമായി കാരണം കാണിക്കൽ നോട്ടീസ് നൽകിയിരിക്കുകയാണ്.

| | |
|---|---|
| വ്യക്തമാക്കാമോ; | ഡോ.ജയകുമാർ സർവ്വീസിൽ നിന്നും വിരമിച്ചതിനാൽ അദ്ദേഹത്തിന്റെ പെൻഷനിൽ നിന്ന് 500/- രൂപ മാസംതോറും 3 വർഷത്തേയ്ക്ക് കുറവ് ചെയ്യുവാനും ഡോ.ശ്യാംകുമാർ, ഡോ.ജയചന്ദ്രൻ, ഡോ.ധർമ്മരാജൻ തുടങ്ങിയവരുടെ 2 വാർഷിക ഇൻക്രിമെന്റ് സഞ്ചിത ഫലത്തോടെയല്ലാതെ തടഞ്ഞുകൊണ്ടും കാരണം കാണിക്കൽ നോട്ടീസ് നല്കിയിരിക്കുകയാണ്. |
| (ഇ) എങ്കിൽ അന്വേഷണത്തിലൂടെ ഇത്തരം പ്രാക്ടീസ് ചെയ്യുന്ന ഡോക്ടർമാർ ആരൊക്കെയാണെന്നും ഇവർക്കെതിരെ എന്തു നടപടികൾ സ്വീകരിച്ചു എന്നും വ്യക്തമാക്കാമോ? | |

സെക്ഷൻ ഓഫീസർ